ഇ.എം.(2)9512/2019

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 30.9.2019

**സർക്കുലർ നം. 39/2019**

വിഷയം - സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സാക്കി നിജപ്പെടുത്തി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന -
1. സഹകരണ സംഘം രജിസ്ട്രാറുടെ 22.05.2008 ലെ 4/2008 നം. സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 30.06.2008 ലെ 44/2008 നം. സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 10.07.2018 ലെ 38/2018 നം. സർക്കുലർ
4. സർക്കാരിന്റെ 07.09.2019 ലെ സ.ഉ.(സാധാ)നം.534/2019/സഹ.നം.ഉത്തരവ്

സഹകരണ സംഘങ്ങളിലെ ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാരുടെ വ്യത്യസ്തമായ വിരമിക്കൽ പ്രായം സൂചന (1), (2), (3) സർക്കുലറുകളിൽ പരാമർശിച്ചിരുന്നു. സർക്കാർ സർവീസിലെ പാർട്ട്-ടൈം-ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സായതിനാൽ സഹകരണ സംഘങ്ങളിലെ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം 70 വയസ്സായി നിജപ്പെടുത്തി സൂചന (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മുൻ സർക്കുലറുകളിലെ ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ പാർട്ട്-ടൈം-കണ്ടിജന്റ് ജീവനക്കാരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച നിർദ്ദേശങ്ങൾ ഇതിനാൽ ഭേദഗതി ചെയ്ത് 70 വയസ്സായി നിജപ്പെടുത്തിയിരിക്കുന്നു.

ഒപ്പ്,
ഡോ.പി.കെ.ജയശ്രീ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മുഖേന)
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി
9. സ്റ്റോക്ക് ഫയൽ /സ്പെയർ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)